DESPATCHED
On. 25/02/2020

17/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in

## ഹർജി നമ്പർ C.P. No.1347 (6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.14536/എസ്.ഐ.സി-ജി 5/2015)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. പി.ആർ. ഗോപാലകൃഷ്ണൻ
ശ്രീനന്ദനം,
പാൽസൊസൈറ്റിക്ക് എതിർവശം,
നല്ലൂർ മാർക്കറ്റിന് സമീപം,
ഫറോക്ക്. പി.ഒ
കോഴിക്കോട്- 673 631
} പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ
ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
വൈദ്യുതി ഭവനം,
പട്ടം, തിരുവനന്തപുരം.
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 13.07.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 12.08.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 03.09.2015 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 09.09.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 16.01.2020 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

RIGHT TO INFORMATION

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. പി.ആർ.ഗോപാലകൃഷ്ണൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, എതിർകക്ഷി ഫയൽ രേഖകളോ സത്യസന്ധമായ മറുപടിയോ നൽകാതെ ഫയലുകൾ വിജിലൻസിൽ ആണെന്നു പറഞ്ഞ് ടിയാനെ കളിപ്പിച്ചിരിക്കുകയാണെന്നും 2014 ഒക്ടോബർ മാസം മുതൽ ഹർജിക്കാരന്റെ ഒരു വിജിലൻസ് കേസുമായി ബന്ധപ്പെട്ട ഫയൽ ആണ് ടിയാൻ ആവശ്യപ്പെട്ടതെന്നും ആയത് ലഭ്യമാക്കുവാൻ എതിർകക്ഷി ഓഫീസ് തയ്യാറാകുന്നില്ലെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെപ്പറയുന്ന വിവരങ്ങളാണ്.

i) KSEB ചെയർമാനുവേണ്ടി TA സ്വീകരിച്ച പി.ആർ. ഗോപാലകൃഷ്ണന്റെ അപ്പീൽ ഉൾക്കൊള്ളുന്ന ഡെപ്യൂട്ടി CE യുടെ യഥാർത്ഥ കവറിംഗ് ലെറ്ററിന്റെ പകർപ്പ് നൽകണമെന്നും

ii) KSEB ചെയർമാനുവേണ്ടി TA സ്വീകരിച്ച പി.ആർ. ഗോപാലകൃഷ്ണന്റെ യഥാർത്ഥ അപ്പീലിന്റെ പകർപ്പ് നൽകണമെന്നും

iii) 14013/cm തീയതി 26.03.2009 തുടർ നടപടികൾക്കായി CVOഏൽപ്പിച്ചുകൊടുത്ത ചെയർമാന്റെ ഉത്തരവ് നമ്പർ, തീയതി, സീൽ, ഒപ്പ് തുടങ്ങിയവ ഉൾക്കൊള്ളുന്ന ഉത്തരവിന്റെ പകർപ്പ് നൽകണമെന്നും മറ്റുമായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ ആന്റ് PIO നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ചോദ്യങ്ങൾ സംബന്ധിച്ച് ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമായ വിവരം 26.02.2015 തീയതി ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നും ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിക്കുന്ന രേഖകളും പരാതികളും ചെയർമാൻ കണ്ട് അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളോടുകൂടി തപാലുകൾക്ക് നൽകാറുള്ള ക്രമനമ്പർ രേഖപ്പെടുത്തി അതാതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ബോർഡിലെ ബന്ധപ്പെട്ട വകുപ്പിലേയ്ക്ക് കൈമാറ്റം ചെയ്യുകയാണ് ചെയ്യുന്നതെന്നും അതിനുശേഷം ആ വകുപ്പിൽ സൂക്ഷിക്കുന്ന ബന്ധപ്പെട്ട ഫയലിലാണ് തുടർ നടപടികൾ എടുക്കുന്നതെന്നും ഫയലു

RIGHT TO INFORMATION

കൾ പിന്നീട് സൂക്ഷിക്കുന്നതും അവിടെ തന്നെയാണെന്നും ഹർജിക്കാരന്റെ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള ഫയൽ ചീഫ് വിജിലൻസ് ഓഫീസറുടെ കീഴിലുള്ള സെക്ഷനിലേതാണെന്നും ആയത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഹർജിക്കാരന്റെ അപേക്ഷ ബന്ധപ്പെട്ട SPIO ക്ക് 21.07.2015 തീയതി അയച്ചു നൽകിയിട്ടുണ്ടെന്നും മറ്റുമാണ്. 13.08.2015 തീയതി PIO & Assistant Accounts Officer ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ പലപ്പോഴായി വിവരാവകാശ നിയമ പ്രകാരം ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട പല വിവരങ്ങളും വ്യക്തമല്ലെന്നും ആയതിനാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് ആവശ്യമായ വിവരങ്ങൾ എടുക്കുന്നതിലേക്കായി ഓഫീസ് സമയം ഹാജരാകാവുന്നതാണെന്നും കുറിപ്പ് എടുക്കുന്നതിനും കോപ്പികൾ എടുക്കുന്നതിനും വേണ്ട സഹായ സഹകരണം ചെയ്തു തരുന്നതാണെന്നും മറ്റുമാണ്.

3. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളു പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് നൽകിയിട്ടുള്ളതായി കാണുന്നു. അപ്രകാരം തന്നെ ഹർജിക്കാരൻ 09.01.2020 തീയതി കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ കത്തിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരൻ സമർപ്പിച്ചിട്ടുള്ള പരാതി പിൻവലിക്കാൻ ടിയാൻ ആഗ്രഹിക്കുന്നുവെന്നും ആയതിനാൽ ടിയാന്റെ പരാതിയിന്മേലുള്ള തുടർ നടപടികൾ റദ്ദ് ചെയ്യാൻ അനുവദിക്കണമെന്നുമാണ്.

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

RIGHT TO INFORMATION